

# കലീഡോസ്കോപ്പ്

ആനക്കര വടക്കത്ത് കുട്ടിമാളു അമ്മ ഏപ്രിൽ 23, 1905ന് പാലക്കാട് ജനനം. പെൺകരുത്തിന്റെ നെടുംതൂണായി ബ്രിട്ടീഷുകാർക്കെതിരെ കേരള ജനതയെ ഊർജ്ജംകൊള്ളിച്ച ഈ സിംഹം; സ്വദേശി പ്രസ്ഥാനം, നിസ്സഹകരണ സമരം തുടങ്ങിയ ചരിത്ര മുഹൂർത്തങ്ങളിലെല്ലാം സജീവ സാന്നിദ്ധ്യമായിരുന്നു. മരണം: ഏപ്രിൽ 14, 1985

## ചൈൽഡ് ലൈൻ തിരുവനന്തപുരം

*കുട്ടികൾക്ക് അവരുടെ വിഷമഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*

## സ്ത്രീകളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും:

| | |
|---|---|
| **പോലീസ്** | **: 100** |
| **പിങ്ക് പോലീസ്** | **: 1515** |
| **എമർജൻസി ഹെൽപ്പ്** | **: 112** |
| **വനിതാ ഹെൽപ്പ് ലൈൻ** | **: 1091** |
| **വനിതാ ഹെൽപ്പ് ലൈൻ (ഗാർഹിക പീഡനം)** | **: 181** |

**TRIVANDRUM SOCIAL SERVICE SOCIETY**
*Trivandrum Latin Arch Diocese*
*TSSS Golden Jubilee Building*
*Phone: 8301027262*
*Archbishop's House Compound, Vellayambalam P.O. - 695 003*
*Thiruvananthapuram, Kerala, India*



**ഏപ്രിൽ 2022** **ലക്കം 4**

# ഉണർവ്വ് പഠനപത്രിക

**ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി**

## കാഴ്ച

***'ഉണർവ്വ്' അടിമുടി മാറുകയാണ്. വായിച്ചാൽ വളരും; വായിച്ചില്ലെങ്കിലും വളരും. പക്ഷെ വായിച്ചാൽ വിളയും; വായിച്ചില്ലെങ്കിൽ വളയും – എന്നു പറഞ്ഞത് കുഞ്ഞുണ്ണി മാഷ്.***

*'സ്ത്രീ ശാക്തീകരണ'മെന്നത് എല്ലാ മാർച്ച് 8നും സ്ത്രീകളെ ആദരിക്കുന്നു എന്നു വരുത്തി തീർക്കലല്ല. സുസ്ഥിരമായ വികസനത്തിന് ജീവനാഡിയാകേണ്ട ഒരു ഏണിപ്പടിയാണത്. മാറ്റം എന്നത് ഒന്നിരുട്ടി വെളുക്കുമ്പോൾ സംഭവിക്കുന്നതല്ല. ഓരോ ദിവസവും എടുക്കുന്ന ചെറിയ ഒരു ചുവടുവെപ്പിലൂടെ മനസ്സിനും ചിന്താധാരക്കും കാഴ്ചപ്പാടിനുമൊക്കെ സംഭവിക്കുന്ന പരിണാമമാണ്. ഇതിന് അറിവ് ആവശ്യമാണ്. ചുറ്റിനും നടക്കുന്നതിലേക്ക് ഒരു പുതിയ നോട്ടം അനിവാര്യവും. ഇതുവരെ നമുക്ക് ശീലമില്ലാത്ത ഒരു പുത്തൻ 'ചിന്തയി'ലൂടെ ഈ സംഭവങ്ങളെ കടത്തിവിടേണ്ടതുണ്ട്. 'ശരി', 'തെറ്റ്' എന്ന മുൻവിധികളെയാകെ പുനർ നിർവ്വചിക്കേണ്ടതുണ്ട്. ഇതിനൊരു വഴികാട്ടിയായി 'ഉണർവ്വ്' നിങ്ങളോടൊപ്പം – പുതിയ മട്ടിൽ!*

*നമ്മുടെ സാധാരണ ചിന്തകളിലേക്ക് ഒരു പുത്തനുണർവ്വിന്റെ മിന്നൽ പിണർ കടന്നുവരും എന്ന പ്രതീക്ഷയോടെ*



ബബിത
(SHG കോർഡിനേറ്റർ, TSSS)

## വായന

'നമ്മുടെ ഭൗമഗ്രഹത്തിനായി നിക്ഷേപിക്കുക' എന്ന സന്ദേശം ഉയർത്തി 2022ലെ ഭൗമ ദിനം ഏപ്രിൽ 22ന് നാം ആചരിക്കുകയാണ്. "നമ്മുടെ ഭൂമിയെ പുനഃസ്ഥാപിക്കാം" എന്ന 2021-ന്റെ പ്രധാന ആശയത്തിനു തൊട്ടു പിന്നാലെയാണ് നമ്മുടെ നിക്ഷേപങ്ങൾ എന്തു തന്നെയായാലും അതു പരിസ്ഥിതി പുനഃസ്ഥാപനം കൂടി മുൻനിർത്തി ആവണം എന്ന പുതിയ ചിന്ത രൂപപ്പെട്ടിരിക്കുന്നത്. മറ്റു ജീവികളെ അപേക്ഷിച്ച് മനുഷ്യർ തങ്ങളുടെ മക്കൾക്കും കൊച്ചു മക്കൾക്കും പോലും നിക്ഷേപങ്ങൾ തരപ്പെടുത്തി അവരുടെ ഭാവി സുഖപ്രദമാക്കാൻ ശ്രമിക്കുന്നവരാണ്.

കഴിഞ്ഞ കുറച്ചധികം പതിറ്റാണ്ടുകളായി ഈ നിക്ഷേപം മുഴുവൻ മനുഷ്യർ കണ്ടിരുന്നത് ധനസമാഹരണത്തിലും സ്ഥാന-മാന സമാഹരണത്തിലും മാത്രമായിരുന്നു. എന്നാൽ ഇന്ന് നാം വളരെ ബുദ്ധിമുട്ടി തിരിച്ചറിയുന്ന കാര്യം പരിസ്ഥിതി സംതുലനം ഇല്ലാതാക്കിയുള്ള ഇത്തരം നിക്ഷേപങ്ങളെ മുഴുവൻ ഇനി വരാനിരിക്കുന്ന തലമുറകളുടെ വരവിനേയും നിലനിൽപ്പിനേയും സാരമായി ബാധിക്കുമെന്ന യാഥാർത്ഥ്യമാണ്. ഭൂമിയിൽ ഇന്നു ജീവിച്ചിരിക്കുന്ന നല്ലൊരു പങ്കു മനുഷ്യർക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് അവരുടെ ഭാവി പല തരത്തിൽ അനിശ്ചിതത്വത്തിലാണെന്ന് ഇന്ന് നാം തിരിച്ചറിയുന്നു.

മനുഷ്യർ എങ്ങനെ ജീവിക്കണം എന്ന കാഴ്ചപ്പാടിനു മാറ്റം വന്നേ തീരൂ എന്നു തിരിച്ചറിയുന്ന ഈ കാലഘട്ടത്തിൽ ലോക വനിതാദിന ചിന്തകൾ പോലും 'നാളെയുടെ സുസ്ഥിര നിലനിൽപ്പിന് ലിംഗസമത്വം' എന്ന ചിന്തയിലേക്ക് നമ്മെ ഉയർത്താൻ ശ്രമിക്കുകയാണ്. അതേ ഭൂമി ഇന്ന് അഭിമുഖീകരിക്കുന്ന ജീവന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട അതിരൂക്ഷമായ പ്രശ്നങ്ങളൊക്കെ തന്നെ ലോക



♦ ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് അഡ്മിഷൻ ടെസ്റ്റ്: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് നടത്തുന്ന ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ ബി.ബി.എ. (ടൂറിസം ആൻഡ് ട്രാവൽ). മേയ് 31 വരെ www.iittm.ac.in/

### സയൻസ് വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

### NEET പരീക്ഷ 2022 ജൂലൈ 17 ന്

ഈ വർഷത്തെ നീറ്റ് പരീക്ഷ 2022 ജൂലൈ 17ന് നടക്കും. ഏപ്രിൽ 2 മുതൽ മേയ് 7 വരെ അപേക്ഷിക്കാം. മലയാളം ഉൾപ്പെടെ 13 ഭാഷകളിലാണ് പരീക്ഷ നടക്കുന്നത്.

*ശേഖരണം:* ലീജ
*(കാര്യശേഷി വികസന കമ്മീഷൻ കോർഡിനേറ്റർ* TSSS)

## ആരോഗ്യം



**സ്ത്രീകളിൽ സാധാരണയായി കണ്ടുവരാറുള്ള ഒരു രോഗമാണല്ലോ മൂത്രത്തിൽ പഴുപ്പ്.**

**മൂത്രത്തിൽ പഴുപ്പിന്റെ 3 ലക്ഷണങ്ങൾ**

1. അടിവയറ്റിൽ വേദന
2. അടിക്കടി മൂത്രം ഒഴിക്കണമെന്ന തോന്നൽ
3. മൂത്രത്തിൽ രക്തത്തിന്റെ അംശം കാണുക.

**മൂന്ന് വഴികളിലൂടെ മൂത്രത്തിൽ പഴുപ്പിനെ പ്രതിരോധിക്കാം**

1. ധാരാളമായി വെള്ളം കുടിക്കുക.
2. പിടിച്ചുവയ്ക്കാതെ മലമൂത്ര വിസർജ്ജനം നടത്തുക.
3. ആർത്തവ ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ ശീലമാക്കുക.

*ശേഖരണം:* Sr. സ്വപ്ന
*(ആരോഗ്യകാര്യ കമ്മീഷൻ കോർഡിനേറ്റർ,* TSSS)

# തൊഴിൽ വാർത്ത



- ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് എൻട്രൻസ് എക്സാമിനേഷൻ (എച്ച്.എസ്.ഇ.ഇ.) മദ്രാസ് ഐ.ഐ.ടി.യിലെ അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എ. (ഇംഗ്ലീഷ് സ്റ്റഡീസ്/ ഡവലപ്മെന്റ് സ്റ്റഡീസ്) ഏപ്രിൽ 27 വരെ അപേക്ഷിക്കാം. hsee.iitm.ac.in/
- എഫ്.ഡി.ഡി. ഐ. ഓൾ ഇന്ത്യ സെലക്ഷൻ ടെസ്റ്റ് ഫുട് വേർ ഡിസൈൻ ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ബാച്ച്ലർ ഓഫ് ഡിസൈൻ (ഫുഡ് വേർ ഡിസൈൻ ആൻഡ് പ്രൊഡക്ഷൻ/ലതർ ഗുഡ്സ് ആൻഡ് ആക്സസറീസ് / ഫാഷൻ ഡിസൈൻ) ബി.ബി.എ. റിട്ടയൽ ആൻഡ് ഫാഷൻ മർക്കൻഡൈസ്. ഏപ്രിൽ 28 വരെ അപേക്ഷിക്കാം. www.fddiindia.com/
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം.) രോഹ്തക് നടത്തുന്ന അഞ്ചുവർഷ ഇൻഡഗ്രേറ്റഡ് പ്രോഗ്രാം ഇൻ ലോ (ഐ.പി.എൽ.). മേയ് 15 വരെ അപേക്ഷിക്കാം. www.iimrohtak.ac.in/
- നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (എൻ.സി.എച്ച്.എം.ജെ.ഇ.ഇ.) എൻ.സി.എച്ച്.എം. അഫിലിയേഷനുള്ള ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ത്രിവത്സര ബി.എസ്.സി. ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ പ്രോഗ്രാം മേയ് 3 വരെ അപേക്ഷിക്കാം. nchmjee.nta.nic.in
- കോമൺ ലോ അഡ്മിഷൻ ടെസ്റ്റ് (ക്ലാറ്റ്) ദേശീയ നിയമ സർവകലാശാലകളിലെ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ഓണേഴ്സ് ബി.എ./ ബി.കോം./ബി.എസ്.സി./ബി.ബി.എ./ ബി.എസ്.ഡബ്യു/ എൽ.എൽ.ബി. മേയ് ഒൻപതു വരെ അപേക്ഷിക്കാം. consortiumofnlus.ac.in/clat2022/



മെമ്പാടുമുള്ള മനുഷ്യരുടെ അടിയന്തിരമായ ഇടപെടലുകൾ മൂലം സംഭവിച്ചതാണെന്നുകാണാം. കാലാവസ്ഥാ വ്യതിയാനമായിക്കോട്ടെ, ജീവജാതികളുടെ അന്യം നിൽക്കലായിക്കോട്ടെ, മലിനീകരണ പ്രശ്നങ്ങളായിക്കോട്ടെ എല്ലാം പല തരത്തിലുള്ള മനുഷ്യ ഇടപെടലുകൾ മൂലമാണ് സംജാതമായിരിക്കുന്നത്. അതിനാൽ തന്നെ രാഷ്ട്രീയ - മത- വർഗ്ഗീയ - വംശീയ - ലിംഗ വ്യത്യാസങ്ങൾ മറന്ന് നാം ഭൂമിയെ അതിന്റെ സ്വാഭാവിക സംതുലനത്തിലേക്കു തിരിച്ചെത്തിക്കാനുള്ള നിക്ഷേപ പ്രവർത്തനങ്ങൾ ഇപ്പോഴെങ്കിലും തുടങ്ങി വച്ചില്ലെങ്കിൽ മനുഷ്യനുൾപ്പെടെ ഒരു ജീവനും ഭൂമിയിൽ ജീവിക്കാൻ ആകാത്ത അവസ്ഥയിലേക്ക് എത്തിച്ചേരും.

ഇക്കാര്യത്തിൽ എന്തുകൊണ്ടും സ്ത്രീകൾക്കുള്ള പങ്ക് വളരെ വലുതും ഉദാത്തവുമായ ഒന്നാണ്. അമ്മമാർ ഒരു കുഞ്ഞിനെ സ്വാധീനിക്കുന്നതിനോളം മറ്റൊരു മനുഷ്യർക്കും ഇളം തലമുറകളെ സ്വാധീനിക്കാൻ കഴിയില്ല. അതിനാൽ ലിംഗ സമത്വത്തിന്റെ ചിന്തകൾ വരും തലമുറകൾക്കും, കുടുംബങ്ങൾക്കുള്ളിലും കൊണ്ടു വരുന്ന തോടൊപ്പം, ജീവസമത്വം എന്ന ചിന്തയും കൊണ്ടു വരേണ്ടതായുണ്ട്. നമ്മുടെ ചിന്തകളിൽ, ചർച്ചകളിൽ ഒക്കെ ഇതു നിറഞ്ഞാൽ, ധന നിക്ഷേപത്തേക്കാളും അധികമായ നിലനിൽപിന്റെ നിക്ഷേപങ്ങൾ കുടുംബങ്ങളിലൂടെ സമൂഹത്തിലേക്ക് നമുക്കു നടത്താൻ കഴിയും. മനോഭാവം മാറിയ ഒരു തലമുറയിലൂടെ മാത്രമേ ഇനി നിലനിൽപ്പും സാധ്യമാകൂ. അതിനുള്ള ചെറുതിരി നാളങ്ങളായി നമുക്കോരോരുത്തർക്കും മാറാം. ആർത്തിയും അത്യാഗ്രഹവും ഇരുട്ടു വീഴ്ത്തുന്ന ഈ സമൂഹത്തിൽ അൽപം വെളിച്ചം പകരാൻ നമുക്കോരോരുത്തർക്കും കഴിയും. ഇനി വരുന്ന തലമുറകൾക്കു നിലനിൽക്കാൻ ഇതു കൂടിയേ തീരൂ. അതിനായി നമുക്കു തുടക്കക്കാരാവാം.



വീണ മരുതൂർ
*പരിസ്ഥിതി വിദ്യാഭ്യാസ പ്രവർത്തക*

# ചുറ്റുവട്ടം



## കേരളം

1. സിൽവർലൈൻ - കെ റെയിൽ പദ്ധതിയ്ക്കെതിരെയുള്ള പ്രതിഷേധം രൂക്ഷമാകുന്നു.
   - ♦ റെയിൽ പാതയ്ക്ക് പത്തു മീറ്റർ ബഫർ സോൺ ആവുമെന്നും ബഫർസോണിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല എന്നും ഉദ്യോഗസ്ഥർ.
   - ♦ പ്രകൃതിയേയും തണ്ണീർ തടങ്ങളേയും സാരമായി ബാധിക്കും - എന്ന് പരിസ്ഥിതി പ്രവർത്തകർ.
2. ലൈഫ് ഭവനപദ്ധതിയിൽ ഭൂമി കണ്ടത്തേണ്ടത് 4,12,545 കുടുംബങ്ങൾക്ക്.
   - ♦ ഭൂമിയില്ലാത്ത സാധാരണക്കാരായ ആളുകൾക്ക് സ്ഥലം നൽകുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' എന്ന പദ്ധതി ആരംഭിച്ചു.
3. സ്കൂൾ പാഠ പുസ്തക നവീകരണത്തിന് 71 അംഗ കരിക്കുലം കമ്മിറ്റി രൂപീകരിച്ചു. പാഠഭാഗങ്ങളിൽ ലിംഗനീതി, പരിസ്ഥിതി അവബോധം തുടങ്ങിയ ഭാഗങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി.
4. കേരള സർക്കാരിന്റെ 2021ലെ വനിതാ രത്നപുരസ്കാരങ്ങൾ ശാന്താ ജോസ് (ആശ്രയ), വൈക്കം വിജയലക്ഷ്മി (പിന്നണി ഗായിക), ഡോ. സുനിത കൃഷ്ണൻ (പ്രജ്ജ്വല സ്ഥാപകയും മനുഷ്യാവകാശ പ്രവർത്തകയും), ഡോ. വി.പി. സുധ (വിദ്യാഭ്യാസ ശാസ്ത്രസാങ്കേതിക മേഖലകൾ) എന്നിവർക്ക് മാർച്ച് 8ന് മുഖ്യമന്ത്രി നൽകുകയുണ്ടായി.

## ഇന്ത്യ

1. ഓപ്പറേഷൻ ഗംഗ അന്തിമ ഘട്ടത്തിൽ.
   - ♦ യുക്രൈനിൽ കുടുങ്ങിയ വിദ്യാർത്ഥികളെ തിരിച്ച് ഇന്ത്യയിലേയ്ക്ക് എത്തിക്കുന്നതിനായുള്ള ഇന്ത്യൻ പരിശ്രമം
   - ♦ രക്ഷാ ദൗത്യത്തിന് നേതൃത്വം നൽകി കേന്ദ്രമന്ത്രിമാരും യുക്രൈൻ അതിർത്തികളിൽ.



2. നെല്ലാർ- പേപ്പാറ വന്യജീവി സങ്കേതങ്ങൾക്കു ചുറ്റുമായി 70 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി മേഖലയാക്കുന്നതിനുള്ള (ഇക്കോ സെൻസിടീവ് സോൺ) കരട് വിജ്ഞാപനം കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കി.
3. കടലിനടിയിലെ അജൈവ വിഭവ സ്രോതസ്സുകളുടെ പഠനം നടത്താൻ ലക്ഷ്യമിട്ടുള്ള 'സമുദ്രയാൻ' പദ്ധതിയുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) ISROയുമായി സഹകരിച്ച് മത്സ്യ 6000 എന്ന പേടകത്തിൽ ചെന്നൈതീരത്ത്. ആഴക്കടൽ ഗവേഷണം നടത്തി 2 വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിക്കലാണ് ലക്ഷ്യം.
4. സ്വിസ്സ് ഓപ്പൺ ബാഡ്സ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി. സിന്ധുവിന് കിരീടം.

## അന്താരാഷ്ട്രം

1. യുക്രൈൻ - റഷ്യ യുദ്ധം മുറുകുന്നു.
   - ♦ യുക്രൈന്റെ സൈനികത്താവളങ്ങളെ തകർത്തുകൊണ്ട് റഷ്യ
   - ♦ അന്താരാഷ്ട്രയുദ്ധം എണ്ണവില കൂടുന്നതിന് കാരണമാകുന്നു എന്നതിനു പുറമെ യുറോപ്പിലെ ഏറ്റവും വലിയ ആണവനിലയമായ യുക്രൈനിലെ 'സാഫോറീസിയ' റഷ്യയുടെ അധീനതയിലാകും എന്ന ആകുലതയും ലോകരാഷ്ട്രങ്ങളെ ചിന്തയിലാഴ്ത്തുന്നു.
2. സാമ്പത്തിക പ്രതിസന്ധിയിൽ കൂപ്പുകുത്തി ശ്രീലങ്ക.
   - ♦ അവശ്യ സാധനങ്ങളുടെ താങ്ങാനാവാത്ത വിലക്കയറ്റം.
   - ♦ വിദേശ നാണ്യശേഖരത്തിലെ പ്രതിസന്ധിയാണ് ശ്രീലങ്കയ്ക്ക് തിരിച്ചടിയായത്.
3. ആൻഡമാൻ നിക്കോബാറിൽ അസാനി ചുഴലിക്കാറ്റ്.
4. യൂറോപ്യൻ രാജ്യമായ ഹംഗറിക്ക് ആദ്യ വനിതാ പ്രസിഡന്റ് കറ്റാലിൻ നോവാക്.

*ശേഖരണം:* **ശ്രീകല**

*സാമൂഹ്യപ്രവർത്തക*